**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3375** **26-06-2024 - ൽ മറുപടിയ്ക്ക്**

**നിയമന അംഗീകാരം ലഭിക്കാത്ത അധ്യാപകർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. രമ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ നിയമനാംഗീകാരം ലഭിക്കാതെ അധ്യാപനം നടത്തുന്ന എത്ര അധ്യാപകരാണ് നിലവിലുള്ളതെന്ന് എൽ.പി., യു.പി., ഹൈസ്കൂൾ എന്നിങ്ങനെ തരംതിരിച്ച് എണ്ണം ലഭ്യമാക്കുമോ; | (എ) | വിവിധ കാരണങ്ങളാൽ വിദ്യാഭ്യാസ ആഫീസുകളിൽ നിന്നും അംഗീകാരം നിരസിക്കപ്പെട്ടവരുടെ എണ്ണം<br>എൽ.പി - 1995<br>യു.പി- 2222<br>ഹൈസ്കൂൾ- 1429 |
| (ബി) | ഏതു വർഷം മുതൽ ജോലി നോക്കുന്നവർക്കാണ് നിയമനാംഗീകാരം ലഭിക്കാനുള്ളത്; ഇപ്രകാരം ജോലി ചെയ്യുന്നതിൽ 10 വർഷത്തിലേറെയായി ആനുകൂല്യങ്ങൾ ഒന്നും ലഭിക്കാതെ ജോലി ചെയ്യുന്ന അധ്യാപകരും ഉണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | വർഷം അടിസ്ഥാനമാക്കിയല്ല നിയമനാംഗീകാര നടപടികൾ സ്വീകരിച്ചുവരുന്നത്. ചട്ടപ്രകാരമുള്ള നിയമനങ്ങൾക്ക് അംഗീകാരം നൽകുന്നതിൽ തടസ്സമില്ല. കെ.ഇ.ആർ ചട്ടവും ഭിന്നശേഷി നിയമന വ്യവസ്ഥകളും പാലിച്ചുകൊണ്ടുള്ള നിയമനങ്ങൾ അംഗീകരിച്ചുവരുന്നു. |
| (സി) | വിദ്യാർത്ഥികളുടെ എണ്ണം പരിഗണിക്കാതെ ഓരോ ക്ലാസിലും ഒരു അധ്യാപകൻ ഉണ്ടാകണമെന്ന് കെ.ഇ.ആർ. നിഷ്കർഷിക്കുന്നുണ്ടോ; | (സി) | ഇല്ല. |
| (ഡി) | എങ്കിൽ ഒരു സ്കൂളിൽ അധ്യാപനവും അനധ്യാപക പ്രവർത്തനങ്ങളും തുടങ്ങി ഒരേ ചുമതലകൾ നിർവഹിക്കുന്ന അധ്യാപകരെ വിദ്യാർത്ഥികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ അംഗീകാരമുള്ളവരും അംഗീകാരം ഇല്ലാത്തവരും എന്നിങ്ങനെ രണ്ട് തട്ടുകളാക്കി നിർത്തുന്നത് ശാസ്ത്രീയമാണെന്ന് കരുതുന്നുണ്ടോ; വ്യക്തമാക്കാമോ; | (ഡി) | കെ.ഇ.ആർ ചട്ടങ്ങൾ പാലിക്കുന്ന ഒഴിവുകളിലെ നിയമനങ്ങൾ അംഗീകരിക്കുന്നുണ്ട്. അല്ലാതുള്ള നിയമനങ്ങൾക്കാണ് അംഗീകാരത്തിന് തടസ്സമുള്ളത്. |
| (ഇ) | ഒരേ ജോലി ചെയ്യുമ്പോഴും മറ്റ് സഹപ്രവർത്തകരുടെ മുന്നിൽ രണ്ടാം തരക്കാരായി ജീവിക്കേണ്ടിവരുന്ന അർഹരായ അധ്യാപകർക്ക് നിയമന അംഗീകാരം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഇ) | കെ.ഇ.ആർ ചട്ടപ്രകാരം അർഹരായ അധ്യാപകർക്ക് നിലവിൽ നിയമന അംഗീകാരം നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ